"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- ഒറ്റപ്പാലം നഗരസഭ- സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.അൻസാർ അഹമ്മദിനെതിരായ അച്ചടക്കനടപടി- KSRs Part III Rule 59(d) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.79/2026/LSGD തീയതി,തിരുവനന്തപുരം, 11-01-2026

---

പരാമർശം:-

1. CTP(Vig)-ന്റെ 03.09.2019-ലെ CTPVIG/740/2018 (No.28637/2018/MLSGD) നമ്പർ റിപ്പോർട്ട്.
2. വിജിലൻസ് ഡയറക്ടറുടെ 22.09.20-ലെ E12(PE 09/19/PKD) 6458/19 നമ്പർ റിപ്പോർട്ട്.
3. വിജിലൻസ് ഡയറക്ടറുടെ 24.02.18-ലെ E12 (SC 17/17/PKD) 39517/17 നമ്പർ റിപ്പോർട്ട്.
4. വിജിലൻസ് ഡയറക്ടറുടെ 19.02.21-ലെ E12 (QV 10/2016/PKD) 14824/17 നമ്പർ റിപ്പോർട്ട്.
5. വിജിലൻസ് ഡയറക്ടറുടെ 21.12.19-ലെ E12 (PE 26/18/PKD)16462/18 നമ്പർ റിപ്പോർട്ട്.
6. 17-10-2024-ലെ കാരണം കാണിക്കൽ നോട്ടീസ്.
7. ശ്രീ.അൻസാർ അഹമ്മദ് സമർപ്പിച്ച 19.11.24-ലെ മറുപടി.

**<u>ഉത്തരവ്</u>**

ഒറ്റപ്പാലം നഗരസഭയിൽ വിവിധ കാലയളവുകളിൽ വിജിലൻസ് /CTP(Vig) തുടങ്ങിയവർ നടത്തിയ അന്വേഷണങ്ങളിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ലഭ്യമായ പരാമർശം 1-5 വരെയുള്ള അന്വേഷണ റിപ്പോർട്ടുകളിൽ മുനിസിപ്പൽ എഞ്ചിനീയറായിരുന്ന ശ്രീ.അൻസാർ അഹമ്മദിനെതിരെ അച്ചടക്കനടപടി സ്വീകരിച്ചുവരവെ, ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ, KSR Part III Rule 59(d) പ്രകാരം അച്ചടക്കനടപടി തുടരാൻ തീരുമാനിക്കുകയും അതനുസരിച്ച് ഒറ്റപ്പാലം മുനിസിപ്പൽ എഞ്ചിനീയറായിരുന്ന ശ്രീ.അൻസാർ അഹമ്മദിനെതിരെ പരാമർശം 6 പ്രകാരം കാരണം കാണിയ്ക്കൽ നോട്ടീസ് ലഭ്യമാക്കുകയും ചെയ്തിരുന്നു. കുറ്റാരോപിതൻ പരാമർശം 7 പ്രകാരം സമർപ്പിച്ച മറുപടിയിൽ ആരോപണങ്ങൾ നിഷേധിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, വിജിലൻസ്/CTP(Vig) അന്വേഷണങ്ങളിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ഒറ്റപ്പാലം നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയറായിരുന്ന ശ്രീ.അൻസാർ അഹമ്മദിനെതിരെ KSR Part III Rule 59(d) പ്രകാരമുള്ള

അച്ചടക്കനടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയർ ശ്രീ.വി.കെ.പ്രതീഷ് കുമാറിനെ (PEN:439419) ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ച് ഉത്തരവാകുന്നു.

Manual on Disciplinary Proceedings(MDP)-ൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരമുള്ള നടപടിക്രമങ്ങൾ എല്ലാം പാലിച്ച് ചാർജ്ജ് മെമ്മോയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും, വാദിഭാഗം, പ്രതിഭാഗം സാക്ഷിമൊഴികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥൻ ഒന്നരമാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1) ശ്രീ.വി.കെ.പ്രതീഷ് കുമാർ (PEN:439419),അസി.എക്സി.എഞ്ചിനീയർ , പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് (പരാമർശിത രേഖകളുടെ പകർപ്പ് ഉൾപ്പെടെ) **(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).**

2) ശ്രീ.അൻസാർ അഹമ്മദ്, മുനിസിപ്പൽ എഞ്ചിനീയർ (Rtd) **(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)**

3) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്.

4) അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ് കേരള, തൃശ്ശൂർ)

5) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്,

6) കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 12-01-2026 13:41:08
സെക്ഷൻ ഓഫീസർ